മലയാള മനോരമ 29 July 2023



സിഎംഎഫ്ആർഐയുമായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സന്ദർശനത്തിനെത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിദ്യാർഥികളുടെ സംഘം ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണനൊപ്പം.

# മത്സ്യമേഖല: യുഎസ് വിദ്യാർഥി സംഘം സന്ദർശിച്ചു

## സന്ദർശിച്ചത് സ്ത്രീകൾ നടത്തുന്ന ചെറുകിട സംരംഭങ്ങൾ

കൊച്ചി● കേരളത്തിന്റെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്ന ചെറുകിട സംരംഭങ്ങൾ യുഎസ് വിദ്യാർഥി സംഘം സന്ദർശിച്ചു.

യുഎസിലെ മിഷിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സംഘം കേരളത്തിലെ തീരമൈത്രി യൂണിറ്റുകൾ, സ്വയംസഹായക വനിതാ സംഘങ്ങൾ തുടങ്ങിയവയുടെ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം തുടങ്ങിയവ പരിചയപ്പെട്ടു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) മിഷിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് പഠന-പരിശീലനയാത്ര. പ്രഫസർമാരായ ലിൻഡ റാസിയോപി, സെജൂറ്റി ദാസ്ഗുപത എന്നിവർ വിദ്യാർഥി സംഘത്തെ നയിച്ചു.

എറണാകുളം, തിരുവനന്തപുരം, ഇടുക്കി ജില്ലകളിലായിരുന്നു സന്ദർശനം. ഹാർബറുകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ, ചീനവല യൂണിറ്റുകൾ, കൂടുമത്സ്യകൃഷി-കല്ലുമ്മക്കായ കൃഷിയിടങ്ങൾ, സ്ത്രീസംരംഭക യൂണിറ്റുകൾ, മത്സ്യ വകുപ്പിന്റെ സ്ഥാപനങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, അടുക്കള കൃഷികൾ എന്നിവയും ചെല്ലാനത്തെ ടെട്രാപോഡ് കടൽഭിത്തിയും പരിചയപ്പെട്ടു.

സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ്. സലീമാണ് പഠന-പരിശീലന യാത്രയ്ക്കു മേൽനോട്ടം വഹിച്ചത്.

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള വിഷയത്തിൽ സിഎംഎഫ്ആർഐയും മിഷിഗൻ സർവകലാശാലയും ചേർന്നുള്ള ഗവേഷണത്തിനു ചർച്ചകൾ പുരോഗമിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.